# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## പ്രാദേശിക വാർത്തകൾ

**DATE: 07.05.2026** **TIME : 12.30 PM**

## പ്രധാന വാർത്തകൾ

1. സംസ്ഥാനത്ത് മന്ത്രിസഭാ രൂപീകരണവുമായി ബന്ധപ്പെട്ട ചർച്ചകൾ തുടരുന്നു; കോൺഗ്രസ് നിയമസഭാ കക്ഷി യോഗം തിരുവനന്തപുരത്ത് ചേർന്നു.

2. ഓപ്പറേഷൻ സിന്ദൂറിന് ഒരാണ്ട്; സായുധ സേനയുടെ ധീരതയ്ക്ക് മുന്നിൽ അഭിവാദ്യം അർപ്പിച്ച് രാഷ്ട്രപതിയും പ്രധാനമന്ത്രിയുമുൾപ്പെടെയുള്ള പ്രമുഖർ.

3. ഇടുക്കി പൂപ്പാറയിൽ പന്നിയാർ പുഴ കയ്യേറി നിർമ്മിച്ച കെട്ടിടങ്ങൾ പൊളിച്ചു തുടങ്ങി; 56 കെട്ടിടങ്ങൾ ഉടമകൾ പൊളിച്ചു നീക്കും.

4. സംസ്ഥാനത്ത് വരും ദിവസങ്ങളിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാവകുപ്പ്; നാല് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.

5. ഹോർമുസ് കടലിടുക്ക് കടക്കുന്ന കപ്പലുകൾക്ക് സുരക്ഷ അകമ്പടി നൽകാനുള്ള നാവിക നടപടി യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് നിർത്തിവച്ചതായി റിപ്പോർട്ട്.

6. ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ലഖ്നൗ സൂപ്പർ ജയന്റ്സ് റോയൽ ചലഞ്ചേഴ്സ് ബെംഗളൂരുവിനെ നേരിടും.

*******************

## കോൺഗ്രസ് നിയമസഭാ കക്ഷി യോഗം (ഇൻട്രോ)

സംസ്ഥാനത്ത് മന്ത്രിസഭാ രൂപീകരണവുമായി ബന്ധപ്പെട്ട ചർച്ചകൾ തുടരുകയാണ്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി.**

(വോയ്സ്)

*******************

## ടിവികെ

തമിഴ്നാട്ടിൽ സർക്കാർ രൂപീകരിക്കാനുള്ള അവകാശവാദം ഉന്നയിച്ച് ടിവികെ നേതാവ് വിജയ് ഇന്നലെ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർക്ക് കത്ത് സമർപ്പിച്ചു. ഭൂരിപക്ഷം തെളിയിക്കാൻ ടിവികെ രണ്ടാഴ്ചത്തെ സമയവും ആവശ്യപ്പെട്ടിട്ടുണ്ട്. പുതുച്ചേരിയിലും പുതിയ സർക്കാർ രൂപീകരണ ചർച്ചകൾ സജീവമാണ്. നിലവിലുള്ള പതിനഞ്ചാമത് നിയമസഭയെ പിരിച്ചു വിട്ടു കൊണ്ടുള്ള ഉത്തരവ് ഇന്നലെ ലഫ്റ്റനന്റ് ഗവർണ്ണർ കെ. കൈലാഷ് നാഥൻ പുറപ്പെടുവിച്ചു. മുഖ്യമന്ത്രി എൻ.രംഗസ്വാമി ഇന്ന് ലഫ്റ്റനന്റ് ഗവർണ്ണറെ കണ്ട് രാജി സമർപ്പിച്ചതോടെ പുതിയ സർക്കാർ രൂപീകരിക്കുന്നതിനുള്ള നടപടികൾക്ക് തുടക്കമായി.

*******************

## സത്യപ്രതിജ്ഞാ ചടങ്ങ്

പശ്ചിമ ബംഗാളിലെ എൻഡിഎ നേതൃത്വത്തിലുള്ള പുതിയ സർക്കാരിന്റെ സത്യപ്രതിജ്ഞാ ചടങ്ങ് മറ്റന്നാൾ ബ്രിഗേഡ് പരേഡ് ഗ്രൗണ്ടിൽ നടക്കും. പ്രധാനമന്ത്രിയും ബിജെപി മുതിർന്ന നേതാവുമായ നരേന്ദ്ര മോദി, ആഭ്യന്തര മന്ത്രിയും പാർട്ടി നേതാവുമായ അമിത് ഷാ, ബിജെപി ഭരിക്കുന്ന വിവിധ സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുക്കും.

*******************

## ബിഹാർ മുഖ്യമന്ത്രി

ബിഹാർ മുഖ്യമന്ത്രി സാമ്രാട്ട് ചൗധരിയുടെ നേതൃത്വത്തിലുള്ള എൻഡിഎ സർക്കാരിൻറെ മന്ത്രിസഭാ വിപുലീകരണം പട്നയിലെ

ഗാന്ധി മണ്ഡപത്തിൽ പുരോഗമിക്കുന്നു. സത്യപ്രതിജ്ഞാ ചടങ്ങിൽ പ്രധാനമന്ത്രിയും ബിജെപി മുതിർന്ന നേതാവുമായ നരേന്ദ്ര മോദി, കേന്ദ്ര ആഭ്യന്തരമന്ത്രിയും പാർട്ടി നേതാവുമായ അമിത്ഷാ, മറ്റ് മുതിർന്ന എൻഡിഎ നേതാക്കൾ തുടങ്ങിയവർ പങ്കെടുക്കുകയാണ്. 15 ഓളം ബിജെപി എംഎൽഎമാരും 14 ഓളം ജെഡിയു എംഎൽഎമാരും മന്ത്രിമാരായി സത്യപ്രതിജ്ഞ ചെയ്യുന്നുണ്ട്. ജനശക്തി (രാംവിലാസ്)-ൽ നിന്ന് രണ്ട് മന്ത്രിമാരും ഹിന്ദുസ്ഥാനി അവാമി മോർച്ച, രാഷ്ട്രീയ ലോക മോർച്ച എന്നിവയിൽ നിന്ന് ഓരോ മന്ത്രിമാരും സത്യപ്രതിജ്ഞ ചെയ്യേക്കും.

*******************

## മാതൃകാ പെരുമാറ്റച്ചട്ടം

അതേസമയം പെതുതിരഞ്ഞെടുപ്പ് നടന്ന കേരളം, അസം, തമിഴ്നാട്, പശ്ചിമബംഗാൾ എന്നിവിടങ്ങളിലും കേന്ദ്രഭരണ പ്രദേശമായ പുതുച്ചേരിയിലും മാതൃകാ പെരുമാറ്റച്ചട്ടം പിൻവലിച്ചതായി തിരഞ്ഞെടുപ്പ് കമ്മിഷൻ അറിയിച്ചു.

*******************

## ഓപ്പറേഷൻ സിന്ദൂർ

26 പേർക്ക് ജീവൻ നഷ്ടമായ പഹൽഗാം ഭീകരാക്രമണത്തിന് തിരിച്ചടിയായി ഇന്ത്യൻ സായുധ സേന നടത്തിയ സൈനിക നടപടി ഓപ്പറേഷൻ സിന്ദൂറിന് ഇന്ന് ഒരു വർഷം. 2025 മെയ് 7-ന് പുലർച്ചെ ആരംഭിച്ച സംയുക്ത സൈനിക നീക്കത്തിലൂടെ പാകിസ്ഥാനിലെയും പാക് അധിനിവേശ കശ്മീരിലെയും ഒൻപത് പ്രധാന ഭീകരകേന്ദ്രങ്ങളാണ് ഇന്ത്യ തകർത്തത്. ലഷ്കർ-ഇ-തയ്ബ, ജെയ്ഷെ മുഹമ്മദ് തുടങ്ങിയ ഭീകരസംഘടനകളുടെ താവളങ്ങളെ ലക്ഷ്യമിട്ട് നടത്തിയ പ്രത്യാക്രമണത്തിൽ നിരവധി ഭീകരരേയും സൈന്യം വധിച്ചു. രാജ്യത്തിൻറെ പരമാധികാരത്തിനും പൗരന്മാരുടെ സുരക്ഷയ്ക്കും ഭീഷണിയാകുന്ന എല്ലാ ശക്തികൾക്കു മെതിരെയുമുള്ള രാജ്യത്തിൻറെ അചഞ്ചലമായ ദൃഢനിശ്ചയത്തിന്റെ തെളിവാണ് ഓപ്പറേഷൻ സിന്ദൂർ എന്ന് രാഷ്ട്രപതി ദ്രൗപതി മുർമു അനുസ്മരിച്ചു. ഇന്ത്യൻ സായുധ സേനയുടെ സമാനതകളില്ലാത്ത ധൈര്യവും കൃത്യതയും ദൃഢനിശ്ചയവും ഓപ്പറേഷൻ സിന്ദൂറിലൂടെ പ്രകടമായതായി വാർഷിക ദിനത്തിൽ പ്രധാനമന്ത്രി പറഞ്ഞു. ഓപ്പറേഷൻ

സിന്ദൂറിന് ഒരു വർഷം പൂർത്തിയാകുമ്പോൾ മുഴുവൻ രാഷ്ട്രവും സായുധ സേനയുടെ ധീരതയ്ക്ക് മുന്നിൽ അഭിവാദ്യം അർപ്പിക്കുന്നതായി അദ്ദേഹം പറഞ്ഞു . നിർണ്ണായക ഘട്ടങ്ങളിൽ സായുധ സേന ശക്തമായി പ്രവർത്തിക്കാൻ സജ്ജമാണെന്ന് തെളിയിക്കുന്നതാണ് ഓപ്പറേഷൻ സിന്ദൂർ എന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ് സമൂഹമാധ്യമത്തിൽ കുറിച്ചു. ഓപ്പറേഷൻ സിന്ദൂർ ഇന്ത്യൻ സായുധ സേനയുടെ അചഞ്ചലമായ പ്രഹരശേഷിയെക്കുറിച്ച് ശത്രുക്കളെ ഓർമ്മിപ്പിക്കുന്നതായി കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ പറഞ്ഞു.

*******************

## ഇടുക്കി- കയ്യേറ്റം

ഇടുക്കി പൂപ്പാറയിൽ പന്നിയാർ പുഴ കയ്യേറി നിർമ്മിച്ച കെട്ടിടങ്ങൾ പൊളിച്ചു തുടങ്ങി. പൊളിച്ചു നീക്കേണ്ട 88 കെട്ടിടങ്ങളിൽ 56 എണ്ണം ഉടമകളും ബാക്കിയുള്ളവ റവന്യൂ വകുപ്പും പൊളിച്ചു നീക്കും. സുപ്രീംകോടതിയുടെയും ഹൈക്കോടതിയുടേയും ഉത്തരവിൻറെ അടിസ്ഥാനത്തിലാണ് നടപടി. സംഘർഷ സാധ്യത കണക്കിലെടുത്ത് സ്ഥലത്ത് പൊലീസ് സന്നാഹം ഏർപ്പെടുത്തിയിട്ടുണ്ട്. ശാന്തൻപാറ പോലിസ് സ്റ്റേഷൻ പരിധിയിൽ നിരോധനാജ്ഞ പ്രഖ്യാപിച്ചു.

*******************

## ഹോർമുസ് കടലിടുക്കിലെ കപ്പൽ ഗതാഗതം

ഹോർമുസ് കടലിടുക്ക് കടക്കുന്ന കപ്പലുകൾക്ക് സുരക്ഷ അകമ്പടി നൽകാനുള്ള നാവിക നടപടി യുഎസ് പ്രസിഡൻ്റ് ഡോണൾഡ് ട്രംപ് നിർത്തിവച്ചതായി റിപ്പോർട്ട്. അമേരിക്കൻ വിമാനങ്ങളെ ദൗത്യത്തിൽ ഉൾപ്പെടുത്താൻ സൗദി അറേബ്യ വിസമ്മതിച്ചതിനെത്തുടർന്നാണ് നടപടി. അതേസമയം, തന്ത്രപ്രധാനമായ ഹോർമുസ് കടലിടുക്കിൽ വാണിജ്യ കപ്പലുകൾക്ക് സമുദ്ര, സാങ്കേതിക, മെഡിക്കൽ പിന്തുണാ സേവനങ്ങൾ നൽകാൻ പൂർണ്ണമായും സജ്ജമാണെന്ന് ഇറാനിലെ തുറമുഖ, സമുദ്ര സംഘടന പ്രഖ്യാപിച്ചു.

*******************

## കാലാവസ്ഥ

കേരളത്തിൽ വരും ദിവസങ്ങളിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാവകുപ്പ്. ഇന്ന് പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. കേരളത്തിൽ പകൽച്ചൂട് തുടരുന്ന സാഹചര്യത്തിൽ സൂര്യാഘാതമുൾപ്പടെയുള്ള ഗുരുതര ആരോഗ്യ പ്രശ്നങ്ങൾക്കെതിരെ മുൻകരുതൽ സ്വീകരിക്കണമെന്ന് ദുരന്ത നിവാരണ അതോറിറ്റി മുന്നറിയിപ്പ് നൽകി.

*******************

## കണ്ണൂർ (ഇൻട്രോ)

ഭൂഗർഭ ജല വിതാനം ഉയർത്താനും ജല സാക്ഷരതയും ജല സുരക്ഷയും ഉറപ്പു വരുത്താനും ലക്ഷ്യമിട്ട് കണ്ണൂർ ജില്ലയിലെ ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് വിപുലമായ പ്രചാരണത്തിന് തുടക്കമിടുന്നു. ജൂൺ അഞ്ചിനു ലോക പരിസ്ഥിതി ദിനത്തിൽ ഉദ്ഘാടനം ചെയ്യും.

**വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ.**

**(വോയ്സ്)**

*******************

## ഐപിഎൽ

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ലഖ്നൗ സൂപ്പർ ജയന്റ്സ് റോയൽ ചലഞ്ചേഴ്സ് ബെംഗളൂരുവിനെ നേരിടും. രാത്രി 7.30 ന് ലഖ്നൗവിലാണ് മത്സരം.

*******************

## സൈനിക് സ്കൂൾ

അഖിലേന്ത്യാ സൈനിക സ്കൂൾ പ്രിൻസിപ്പൽമാരുടെ ദ്വിദിന സമ്മേളനത്തിന് തിരുവനന്തപുരത്ത് തുടക്കമായി. കഴക്കൂട്ടം സൈനിക സ്കൂളിൽ നടന്ന ചടങ്ങിൽ കേന്ദ്ര പ്രതിരോധ സഹമന്ത്രി സഞ്ജയ് സേത്ത് അധ്യക്ഷത വഹിച്ചു. രാജ്യത്തുടനീളമുള്ള 33 സൈനിക് സ്കൂളുകളിലെ പ്രിൻസിപ്പൽമാരും , ജോയിന്റ് സെക്രട്ടറി,

ഓണററി സെക്രട്ടറി, ഇൻസ്പെക്റ്റിങ് ഓഫീസർമാർ എന്നിവരും പങ്കെടുക്കുന്നുണ്ട്.

*******************

## പാലക്കാട് (ഇൻട്രോ)

മാങ്ങ സീസണിനോടനുബന്ധിച്ച് പാലക്കാട് ജില്ലയിൽ ഭക്ഷ്യസുരക്ഷാ വകുപ്പ് പരിശോധന ശക്തമാക്കി. ഉപഭോക്താക്കൾക്ക് സുരക്ഷിതവും ഗുണമേന്മയുള്ളതുമായ പഴവർഗ്ഗങ്ങൾ ലഭ്യമാക്കാനും അനുവദനീയമല്ലാത്ത കൃത്രിമ രാസപദാർത്ഥങ്ങളുടെ ഉപയോഗം തടയാനുമാണ് പ്രത്യേക പരിശോധന നടത്തുന്നത്.

**ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത് തയ്യാറാക്കിയ റിപ്പോർട്ട്...**
**(വോയ്സ്)**

*******************

## 67-ാം സ്ഥാപക ദിനം

രാജ്യത്തിന്റെ അതിർത്തി പ്രദേശങ്ങളിൽ റോഡുകളും പാലങ്ങളും തുരങ്കങ്ങളും നിർമ്മിച്ച് രാജ്യസുരക്ഷയിൽ നിർണ്ണായക പങ്ക് വഹിക്കുന്ന ബോർഡർ റോഡ്സ് ഓർഗനൈസേഷൻറെ 67-ാം സ്ഥാപക ദിനം ഇന്ന്. 1960 മെയ് 7-നാണ് ബിആർഒ രൂപീകൃതമായത്. ദുർഘടമായ ഹിമാലയൻ മലനിരകളിലും അതിർത്തി മേഖലകളിലും സൈന്യത്തിന് വേഗത്തിൽ എത്തിച്ചേരാൻ സഹായിക്കുന്ന പാതകൾ ഒരുക്കുന്നതിൽ BRO നിർണായക പങ്ക് വഹിച്ചിട്ടുണ്ട്.

*******************

## ഓഹരി-സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 53 പോയിന്റ് താഴ്ന്ന് 78,011 ലും, നിഫ്റ്റി 41 പോയിന്റ് നേട്ടത്തിൽ 24, 372 ലും വ്യാപാരം തുടരുന്നു.സ്വർണവില ഉയർന്നു. പവന് 240 രൂപ വർദ്ധിച്ച് ഒരു ലക്ഷത്തി 11,800 രൂപയും ഗ്രാമിന് 13,975 രൂപയുമാണ് ഇന്നത്തെ വില.

*******************

******************